# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE: 11-08-2026**

1. നീറ്റ് ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെന്റിൽ പ്രതിപക്ഷ ബഹളം. 'ഇരു സഭകളും രണ്ടു മണിവരെ നിർത്തിവയ്ച്ചു.
2. കാൻസർ ചികിത്സയിൽ വിവിധ ചികിത്സാ രീതികളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന് ആരോഗ്യ മന്ത്രി കെ മുരളീധരൻ.
3. സെക്രട്ടറിയേറ്റിന് മുന്നിൽ സമരം നടത്തുന്ന **LPST** റാങ്ക് ഹോൾഡേഴ്സ് സമരം പിൻവലിച്ചു.
4. മഴക്കെടുതി മൂലമുള്ള കൃഷി നാശവുമായി ബന്ധപ്പെട്ട് കൃഷി-സഹകരണ വകുപ്പുകൾ വിളിച്ച് ചേർത്ത ബാങ്ക് പ്രതിനിധികളുടെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.
5. സംസ്ഥാനത്ത് കർക്കടക വാവ് ബലിതർപ്പണത്തിനുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ. സർവീസ് സമയം ദീർഘിപ്പിച്ച് കൊച്ചി മെട്രോ.
6. ഹജ്ജ് തീർത്ഥാടകരായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് ആദ്യ ഗഡു തുക അടയ്ക്കുന്നതിനുള്ള സമയം ഒരാഴ്ചകൂടി നീട്ടിനൽകി കേന്ദ്ര ഹജ്ജ് കമ്മിറ്റി.

******************************

RNU TVPM

## പാർലമെന്റ്

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തിൽ പാർലമെന്റ് ഇന്നും പ്രക്ഷ്ബുദം. ലോക്സഭയും രാജ്യസഭയും രണ്ടു മണിവരെ നിർത്തിവയ്ച്ചു. ആദ്യം 12 മണിവരെ നിർത്തിവയ്ച്ച രാജ്യസഭ നടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടർന്നതോടെ രണ്ട് മണിവരെ പിരിയുകയായിരുന്നു. 'കേരള പേരുമാറ്റ ബിൽ, 2026', കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. കേരളത്തിന്റെ പേര് കേരളം എന്നാക്കി മാറ്റുന്നതിന് ബിൽ പരിഗണിക്കുന്നതിന് പ്രമേയം അദ്ദേഹം അവതരിപ്പിക്കും. ദേശീയ സഹകരണ വികസന കോർപ്പറേഷൻ ഭേദഗതി ബിൽ, 2026' ഉം അദ്ദേഹം സഭയിൽ അവതരിപ്പിക്കും. 1962 ലെ 'ദേശീയ സഹകരണ വികസന കോർപ്പറേഷൻ നിയമത്തിൽ ഭേദഗതി വരുത്തുന്നതാണ് ബിൽ. ട്രൈബ്യൂണൽസ് ഭേദഗതി നിയമം 2026 രാജ്യസഭ പരിഗണിക്കും.

RNU TVPM

*************************

## കെ മുരളീധരൻ

കാൻസർ ചികിത്സയിൽ വിവിധ ചികിത്സാ രീതികളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന് ആരോഗ്യ മന്ത്രി കെ മുരളീധരൻ. വിവിധ ചികിത്സാ സമ്പ്രദായങ്ങളിലെ അറിവുകളും ചികിത്സാ രീതികളും രോഗികളുടെ ക്ഷേമത്തിനായി ശാസ്ത്രീയമായി പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് ഗവൺമെന്റ് ആയുർവേദ കോളജ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ആയുർവേദത്തിലെ രസായന ചികിത്സ, ആഹാരക്രമം തുടങ്ങിയ സമീപനങ്ങൾ കാൻസർ

പരിചരണത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താമെന്നതും ശാസ്ത്രീയമായി വിലയിരുത്തേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു.

************************

## LPST ചർച്ച

സെക്രട്ടറിയേറ്റിന് മുന്നിൽ സമരം നടത്തുന്ന LPST റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സമരം പിൻവലിച്ചു. ഭാരവാഹികളുമായി വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദീൻ നടത്തിയ ചർച്ചയെ തുടർന്നാണ് തീരുമാനം. സമരക്കാർ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങളുടെ സാധ്യത പരിശോധിക്കുമെന്ന് മന്ത്രി പറഞ്ഞു. സമരത്തോട് സർക്കാരിന് അനുഭാവമാണ് ഉള്ളതെന്നും, ചർച്ചയിൽ സർക്കാറിന്റേത് തുറന്ന സമീപനമാണെന്നും മന്ത്രി പറഞ്ഞു.

RNU TVPM

************************

## യോഗം - കൃഷി നാശം

മഴക്കെടുതി മൂലമുള്ള കൃഷി നാശവുമായി ബന്ധപ്പെട്ട് കൃഷി-സഹകരണ വകുപ്പുകൾ വിളിച്ച് ചേർത്ത ബാങ്ക് പ്രതിനിധികളുടെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. കൃഷി മന്ത്രി ടി. സിദ്ദിഖിന്റെ അധ്യക്ഷതയിലാണ് യോഗം. സഹകരണ വകുപ്പ് മന്ത്രി എം. ലിജുവും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. കർഷകരെ സംരക്ഷിക്കാനുള്ള നടപടികൾ, കർഷകർക്ക് പുനഃകൃഷി നടത്തുന്നതിനായി പലിശരഹിത കാർഷിക വായ്പ ലഭ്യമാക്കൽ ഉൾപ്പെടെയുള്ളവ ചർച്ച ചെയ്യും.

************************

## മന്ത്രി ജനീഷ്– മെസി (ഇൻട്രോ)

ഫുട്ബോൾതാരം ലയണൽ മെസിയെ കേരളത്തിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട വിവാദത്തിൽ ഉന്നതതല അന്വേഷണം വേണമെന്ന് മന്ത്രി ഒ ജെ ജനീഷ്. ഇതുസംബന്ധിച്ച് കായികവകുപ്പ് രഹസ്യസ്വഭാവത്തോടെ തയ്യാറാക്കിയ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്.....)

*************************

## കർക്കടക വാവ്

സംസ്ഥാനത്ത് കർക്കടക വാവ് ബലിതർപ്പണത്തിനുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ. നാളെയാണ് കർക്കടക വാവ്. പ്രധാന ക്ഷേത്രങ്ങളിലെല്ലാം ബലിതർപ്പണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കും. വാവുബലിയോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി വിപുലമായ ഗതാഗത ക്രമീകരണങ്ങളൊരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന ബലിതർപ്പണ കേന്ദ്രമായ ആലുവ മണപ്പുറത്ത് ഒരുക്കങ്ങൾ അന്തിമഘട്ടത്തിലാണ്. പ്രതികൂല കാലാവസ്ഥ മുന്നിൽകണ്ട് സജ്ജീകരണങ്ങൾ തയ്യാറായിട്ടുണ്ട്. കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. ഇന്ന് തൃപ്പൂണിത്തുറയിൽ നിന്നും ആലുവയിലേക്ക് രാത്രി 11:15 നും 11.30 നും സർവീസ് ഉണ്ടായിരിക്കും. നാളെ പുലർച്ചെ ആലുവയിൽ നിന്നും 5 നും 5.30 നും തൃപ്പൂണിത്തുറലേക്ക് സർവീസ് ഉണ്ടായിരിക്കും. അതേസമയം ബലി തർപ്പണത്തോടനോടനുബന്ധിച്ച് നാളെ ഒരുമണി മുതൽ പകൽ രണ്ടുവരെ ആലുവ ടൗണിലും പരിസരങ്ങളിലും ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. 400ഓളം പൊലീസുകാരെയാണ് സുരക്ഷയുടെ ഭാഗമായി വിന്യസിക്കുന്നത്.

RNU TVPM

************************

## തിരുവനന്തപുരം - വാവ് (ഇൻട്രോ)

കർക്കടകവാവിനോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ പ്രധാന ബലിതർപ്പണ കേന്ദ്രങ്ങളിൽ ഒരുക്കങ്ങൾ പൂർത്തിയായി. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവല്ലം പരശുരാമ സ്വാമി ക്ഷേത്രം, വർക്കല പാപനാശം, ശംഖുംമുഖം കടപ്പുറം തുടങ്ങി ജില്ലയിലെ നൂറ്റമ്പതിലേറെ ക്ഷേത്രങ്ങളിലും കടൽത്തീരങ്ങളിലും ചടങ്ങുകൾക്കായി പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നാളെ പുലർച്ചെ 2 മണി മുതൽ ബലിതർപ്പണ ചടങ്ങുകൾ ആരംഭിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്...**

(വോയിസ്)

RNUTVPM

************************

## കർക്കടവാവ് - കെ.എസ്.ആർ.ടി.സി

തിരുവനന്തപുരം ജില്ലയിലെ വിവിധ ബലിതർപ്പണ കേന്ദ്രങ്ങളിലേക്ക് വിപുലമായ ഗതാഗത സംവിധാനങ്ങളാണ് കെ.എസ്.ആർ.ടി.സി ക്രമീകരിച്ചിരിക്കുന്നത്. ശംഖുംമുഖം, തിരുവല്ലം, വർക്കല, അരുവിക്കര, അരുവിപ്പുറം, കഠിനംകുളം എന്നീ ബലിതർപ്പണ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ബസുകൾ കൂടുതലായി സർവീസ് നടത്തും.

************************

## വാവുബലി-ഭക്ഷ്യസുരക്ഷാവകുപ്പ്

കൃത്യമായ ലേബൽ വിവരങ്ങൾ ഇല്ലാത്ത പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾ, മിഠായികൾ എന്നിവ ഉപയോഗിക്കരുതെന്ന് പൊതുജനങ്ങൾക്ക് നിർദേശം നൽകി ഭക്ഷ്യസുരക്ഷാ വകുപ്പ്. എല്ലാ ഭക്ഷ്യസ്ഥാപനങ്ങളും എഫ്.എസ്.എസ്.എ.ഐ ലൈസൻസോ രജിസ്ട്രേഷനോ എടുക്കുകയും അത് പ്രദർശിപ്പിക്കുകയും ചെയ്യണം. ശീതള പാനീയങ്ങളിൽ ശുദ്ധജലം ഉപയോഗിച്ച് നിർമ്മിച്ച ഐസ് ആണോ ഉപയോഗിക്കുന്നതെന്ന് ശ്രദ്ധിക്കണം. പരാതികൾ 1800 425 1125 എന്ന ടോൾ ഫ്രീ നമ്പറിൽ അറിയിക്കാം.

*************************

## ഹജ്ജ്–കേന്ദ്രസർക്കാർ

ഹജ്ജ് തീർത്ഥാടകരായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് ആദ്യ ഗഡു തുക അടയ്ക്കുന്നതിനുള്ള സമയം ഒരാഴ്ചകൂടി നീട്ടിനൽകി കേന്ദ്ര ഹജ്ജ് കമ്മിറ്റി. കേന്ദ്രമന്ത്രി കിരൺ റിജിജുവിന് മന്ത്രി എൻ ഷംസുദ്ദീൻ കത്തയച്ചതിനെ തുടർന്നാണ് നടപടി. ഈ മാസം 17 വരെ പണം അടയ്ക്കാം.

RNU TVPM

*************************

## പഴകിയ ഭക്ഷണം

അടൂർ നഗരസഭ ഹോട്ടലുകളിൽ നടത്തിയ തിരച്ചിലിൽ പഴകിയ ഭക്ഷണം പിടികൂടി. നഗരസഭയുടെ ആരോഗ്യ വിഭാഗമാണ് പരിശോധന നടത്തിയത്. അടൂർ SN ഹോട്ടൽ, ഡിങ്കന്റെ തട്ടുകട, അമ്മച്ചിക്കട, ഓലപ്പന്തൽ, രാജധാനി, സൺ റൈസ്, പഴങ്കഞ്ഞികട, അൽ റാസി തുടങ്ങിയ ഹോട്ടലുകളിൽ നിന്നുമാണ് പഴകിയ മീനും ഭക്ഷണവും പിടികൂടിയത്.

*************************

## ഗൗതം കൃഷ്ണ

നീണ്ടകരയിൽ വള്ളം മറിഞ്ഞുണ്ടായ അപകടത്തിൽ കാണാതായ ഗൗതം കൃഷ്ണയ്ക്കായുള്ള തെരച്ചിൽ പന്ത്രണ്ടാം ദിവസവും തുടരുകയാണ്. നേവിയുടെ നേതൃത്വത്തിൽ ശക്തമായ തെരച്ചിലാണ് നടക്കുന്നത്. കൂടുതൽ സജീകരണങ്ങളോടെ തെരച്ചിൽ തുടരുകയാണ്. നാവികസേനയുടെ സ്കൂബ ടീം, ഐ എൻ എസ് കല്പന കപ്പൽ, മറൈൻ എൻഫോഴ്സ്മെന്റ് ടീം, എന്നിവർ തെരച്ചിലിൽ പങ്കെടുക്കുന്നുണ്ട്.

*************************

## കള്ളക്കടൽ

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ നാളെ രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കന്യാകുമാരി തീരത്ത് മറ്റന്നാൾ രാവിലെ 5.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്.

*************************

## മത്സ്യതൊഴിലാളിയുടെ മൃതദേഹം

തിരുവനന്തപുരം മുതലപൊഴിയിൽ കായലിൽ വീണ് കാണാതായ മത്സ്യതൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി. അഞ്ചുതെങ്ങ് സ്വദേശി തോമസ് ആണ് മരിച്ചത്. ഇന്നലെ വൈകുന്നേരം മത്സ്യവിൽപനയ്ക്ക് ശേഷം വള്ളം വൃത്തിയാക്കുന്നതിനിടെയാണ് തോമസ് കായലിലേക്ക് വീണത്.

RNU TVPM

*************************

## മൃതദേഹം കണ്ടെത്തി

കൊല്ലം കാവനാട് മത്സ്യബന്ധന ബോട്ടിൽ നിന്നും കായലിൽ വീണ് കാണാതായ മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി. തിരുവനന്തപുരം പാറശാല സ്വദേശി സി. കിരൺ ആണ് മരിച്ചത്. ഞായറാഴ്ച രാത്രിയോടെയാണ് കിരൺ കായലിൽ വീണത്.

*************************

## മത്സ്യത്തൊഴിലാളി മരിച്ചു

തിരുവനന്തപുരം പൂന്തുറയിൽ മത്സ്യത്തൊഴിലാളി വള്ളത്തിൽ കുഴഞ്ഞുവീണ് മരിച്ചു. മീൻപിടിത്തം കഴിഞ്ഞ് കരയിലേക്ക് മടങ്ങി വരുമ്പോളാണ് പുന്തുറ സ്വദേശി യോഹന്നാൻ കുഴഞ്ഞുവീണത്.

RNU TVPM

*************************

## എഫ്ഐഎച്ച് ഹോക്കി

എഫ്ഐഎച്ച് ഹോക്കി ലോകകപ്പ് മത്സരങ്ങൾ ഈ മാസം 15 മുതൽ 30 വരെ ബെൽജിയത്തിലും നെതർലൻഡ്സിലുമായി നടക്കും. പരമ്പരാഗത ക്വാർട്ടർ ഫൈനൽ ഘട്ടം ഒഴിവാക്കി പുതുക്കിയ മത്സരക്രമവുമായാണ് ഇത്തവണ ടൂർണമെന്റ് നടക്കുന്നത്. ക്രോസ് ഓവർ പൂളുകളിൽ നിന്ന് മുന്നിലെത്തുന്ന ആദ്യ രണ്ട് ടീമുകൾ നേരിട്ട് സെമി ഫൈനലിലേക്ക് യോഗ്യത നേടും. പുരുഷ വിഭാഗത്തിൽ ഇന്ത്യ പൂൾ ഡി-യിലാണ് മത്സരിക്കുന്നത്. ഇംഗ്ലണ്ട്, പാകിസ്ഥാൻ, വെയ്ൽസ് എന്നിവരാണ് ഗ്രൂപ്പിൽ ഇന്ത്യയുടെ എതിരാളികൾ. വനിതാ വിഭാഗത്തിൽ പൂൾ ഡി-യിൽ ചൈന, ഇംഗ്ലണ്ട്,

ദക്ഷിണാഫ്രിക്ക എന്നിവർക്കെതിരെയാണ് ഇന്ത്യയുടെ പ്രാഥമിക ഘട്ട മത്സരങ്ങൾ.

*

****************

************************************

RNU TVPM